# 6

# ദൈവ ഭവനം

"ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ" (എഫെസ്യർ 2:19).

മനുഷ്യവർഗ്ഗത്തിനു ദൈവം കൊടുത്തിട്ടുള്ള അനുഗ്രഹങ്ങളിൽ ഏറ്റവും തൃപ്തികരമായ പത്തെണ്ണം ഒരു പേപ്പറിൽ എഴുതുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ എന്തെല്ലാം എഴുതും? മനുഷ്യനു ഏറ്റവും സഹായകരവും ഉപകാരപ്രദവും സമൃദ്ധവുമായ ദൈവാനുഗ്രഹങ്ങളായി നിങ്ങളുടെ പരിഗണനക്കു വരുന്നവ ഏവ?

മിക്കയാളുകളും, ഭവനം എന്നതു മുകളിൽ എഴുതും എന്നു ഞാൻ കരുതുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ഏദെൻ തോട്ടം മുതൽ ഏറ്റവും അടുത്തു നടന്ന വിവാഹാഘോഷം വരെ കുടുംബ ജീവിതം മുഖേന ലഭിക്കുന്ന സഹകരണബന്ധവും അസംഖ്യം സന്തോഷാനുഭവങ്ങളും അതിൽ ഉൾപ്പെടും. തങ്ങൾ ജനിച്ചു വളർന്നതോ/ഇപ്പോൾ ജീവിക്കുന്നതോ ആയ കുടുംബങ്ങളിൽ നിന്നാണ് അവർക്കുണ്ടായ സന്തോഷകരമായ ഓർമ്മകൾ എന്നാണ് മിക്ക ആളുകളും ഒരുപക്ഷേ പറയാറ്. അതിൽ കൂടുതലായി, തങ്ങളുടെ കുടുംബാംഗങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ സഹായവും ശക്തിയും ലഭിച്ചിട്ടുള്ളതെന്നു കുറച്ചു പേരെങ്കിലും പറയും എന്നാണ് ഞാൻ കരുതുന്നത്. നമ്മുടെ ആത്മാക്കൾക്കു സഹതാപ പൂർവ്വമായ പ്രോത്സാഹനവും ഊഷ്മളതയും ലഭിക്കത്തക്കവണ്ണമാണ് നമ്മുടെ സ്നേഹമുള്ള സ്വർഗ്ഗീയ പിതാവു വാസ്തവത്തിൽ, മനുഷ്യനു കുടുംബം രൂപപ്പെടുത്തിയിരിക്കുന്നത്.

ഭവനം നമുക്ക് എത്ര അർത്ഥവത്താണ് എന്നതിന്റെ വെളിച്ചത്തിൽ, പുതിയ നിയമസഭയെ തിരുവെഴുത്തിൽ അലങ്കാരമായി ദൃശ്യവൽക്കരിച്ചിരിക്കുന്നതിൽ അതിശയിക്കേണ്ടതില്ല. "കുടുംബം" എന്നും "ഭവനം" എന്നും ഉള്ള തിരുവെഴുത്തിലെ ഉപയോഗം, സഭയെ ദൈവഭവനമായി കാണുവാൻ നമ്മെ നിർബന്ധിക്കുന്നു. നാം ക്രിസ്ത്യാനികളായിത്തീരുമ്പോൾ, ദൈവത്തിന്റെ ആത്മീയ ഭവനത്തിലേക്കു ജനിക്കുന്നു (യോഹന്നാൻ 3:5; എഫെസ്യർ 2:19). മറ്റൊരു

രീതിയിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ സുവിശേഷം നാം അനുസരിക്കുമ്പോൾ, ക്രിസ്തുവിന്റെ ശരീരത്തിൽ നാം പ്രവേശിക്കയും നമ്മെ അവന്റെ മക്കളാക്കി ദത്തെടുക്കുകയും ചെയ്യുന്നു (എഫെസ്യർ 1:5). ഈ ദത്തെടുക്കൽ അവസാനഫലമായി പൗലൊസ് പറയുന്നു, ക്രിസ്തു ഭൂമിയിൽ വരുവാനുണ്ടായ മുഖ്യകാരണം: "എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴു ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങിയിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നേ" (ഗലാത്യർ 4:4, 5).

## ആവശ്യങ്ങൾ

ഭൗതിക കുടുംബത്തിൽനിന്നാണ് എല്ലാ മനുഷ്യർക്കുമുള്ള ചില നിലവാരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. ആ ആവശ്യങ്ങൾ ഏവ? ഒന്നാമത്, *സ്വായത്തമാക്കണമെന്ന* ബോധം അല്ലെങ്കിൽ ''വേരുകൾ'' ആവശ്യങ്ങളിൽ ഒന്നായി നമ്മിൽ ഓരോരുത്തരിലും ഉണ്ട്. ഭൗതിക കുടുംബം സാമൂഹ്യമായ ഒരു ഉറപ്പു നല്കുന്നു. അതു നമുക്കു ഈ ലോകത്തിൽ ബലം നല്കും, അതു നമുക്കു മാത്രമായിട്ടുള്ളതാണ്.

രണ്ടാമത്, നമുക്കു ഒരു *ഭദ്രത* വേണം എന്നുണ്ട്; നാം ഭൗതികമായി, സാമൂഹ്യമായി, മാനസികമായി നിസ്സഹായരായിത്തീരുമ്പോൾ, നാം സമൂഹത്തിന്റെ ഭാഗമായതുകൊണ്ടു, നമ്മെക്കുറിച്ചു മറ്റുള്ളവർ കരുതണം എന്നു ആഗ്രഹിക്കുന്നു. ഈ ഭദ്രത നമുക്കു ഭൗതിക ഭവനത്തിൽ നിന്നു ലഭിക്കുന്നു. ഭൗതിക കൊടുങ്കാറ്റിൽ നിന്നു അതു നമുക്കു അഭയം നല്കുന്നു. നാം ശിശുക്കളായിരിക്കുമ്പോൾ നമുക്കു നമ്മെ കരുതാൻ കഴിയാതിരിക്കുമ്പോൾ, അതു നമുക്കു വേണ്ടി കരുതുന്നു. നാം രോഗികളാകുമ്പോൾ അല്ലെങ്കിൽ ഹൃദയം നുറുങ്ങുമ്പോൾ, നാം പ്രായമാകുമ്പോൾ, രണ്ടാം ശൈശവത്തിലെത്തുമ്പോൾ, അതു നമുക്കായി നല്കുന്നു. അതു നമ്മുടെ അഭയമാണ്, നമ്മുടെ ശരണമാണ്, നമ്മെ താങ്ങുന്ന പാറയാണ്.

മൂന്നാമത്, നമ്മെ *തിരിച്ചറിയണമെന്ന* ആഗ്രഹം നമുക്ക് ഉണ്ട്. നാം ആരാണെന്നും എന്താണെന്നും അറിയുവാനുള്ള ഒരു ആന്തരിക വാഞ്ഛ നമ്മിലുണ്ട്. ഇതിനു ഉത്തരം നല്കുവാൻ ഒരു പരിധിവരെ നമ്മുടെ ഭവനത്തിനു കഴിയും.

നാലാമത്, നമ്മെ *സ്വീകരിക്കണമെന്നു* നാം ആഗ്രഹിക്കുന്നു, നമുക്കു നാം ആയിത്തീരാൻ കഴിയും എന്ന ഭദ്രത, മേക്ക് – അപ്പോ, മുഖം മൂടിയോ ഇല്ലാതെ തന്നെ. നാം ആയിരിക്കുന്ന അവസ്ഥയിൽ ഭൗതികമായ കുടുംബം നമ്മെ സ്നേഹിക്കുന്നു – നാം എന്തായിത്തീരും എന്നതിനാലല്ല, അല്ലെങ്കിൽ നാം എന്തായിരുന്നു എന്നതിനാലുമല്ല. നമ്മുടെ ഭൗതിക ഭവനങ്ങളിൽ നമ്മെ സ്വീകരിക്കുന്നതിനു നേട്ടങ്ങൾ കൈവരിക്കണമെന്നില്ല. നാം ഏറ്റവും നല്ല രീതിയിൽ എത്തിയാലും ഇല്ലെങ്കിലും നമ്മുടെ ഭവനത്തിലും ബന്ധുക്കൾക്കിടയിലും നമുക്ക് ഒരു

സ്ഥാനം ഉണ്ട്. നമുക്കു ലഭിക്കേണ്ട സ്നേഹത്തിനായി നാം അദ്ധ്വാനിക്കേണ്ടതായിട്ടില്ല; അതു നല്കുന്നതു നിബന്ധനകൾ കൂടാതെയാണ്.

ഭൗതിക കുടുംബത്തിൽ നമ്മെ തൃപ്തിപ്പെടുത്തുന്ന ഭൗതികമായ, സാമൂഹ്യമായ, വൈകാരികമായ ആവശ്യങ്ങൾ ഉള്ളതുപോലെ തന്നെ മനുഷ്യരിൽ ആത്മീയാവശ്യങ്ങളും ഉണ്ട്. ഈ ആത്മീയാവശ്യങ്ങൾ തങ്ങളിൽ ഉള്ളതു ചിലർ തിരിച്ചറിയുന്നു, മറ്റുള്ളവർ അറിയുന്നില്ല. അവയെ നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, ഈ ലോകത്തിൽ വാസ്തവത്തിൽ സന്തോഷമുള്ളവരായി തീരണമെങ്കിൽ അവ യാഥാർത്ഥ്യമാണെന്ന് അറിഞ്ഞ് നിറവേറ്റണം. മനുഷ്യവ്യക്തിത്വത്തിനും ആത്മാവിനും ഒരു ആത്മീയ പ്രതലമുണ്ട്. ഈ സ്വഭാവത്തെ നാം അവഗണിച്ചാൽ, ദൈവം ആഗ്രഹിക്കുന്ന ആത്മീയ സന്തോഷം ലഭിക്കുകയില്ല.

ഞാൻ എന്റെ ക്ലോസെറ്റിലെ ചിലന്തി വലകൾ മാത്രം നീക്കി വൃത്തിയാക്കുവാൻ വിചാരിച്ചാലോ? എങ്കിൽ ഞാൻ അടിക്കടി ചിലന്തി വല നന്നാക്കേണ്ടതായി വരികയില്ലേ? ചിലന്തിയാണ് വലയുണ്ടാക്കുന്നത്, ക്ലോസെറ്റിൽ ചിലന്തി ഉള്ളേടത്തോളം അതു വീണ്ടും വീണ്ടും വല കെട്ടിക്കൊണ്ടിരിക്കും.

എന്റെ കുളിമുറിയുടെ തറയിൽ വെള്ളം ഒഴുകിക്കൊണ്ടിരുന്നാലോ? ഞാൻ ആ വെള്ളം തുടച്ചു കളയുവാൻ മാത്രം ശ്രമിച്ചാലോ? വെള്ളം വരുന്നതു ഏതെങ്കിലും ഒരു സ്ഥലത്തു നിന്നായിരിക്കും, അതു കണ്ടെത്തി നിർത്തുന്നതു വരെ വെള്ളം ഒഴുകിക്കൊണ്ടിരിക്കും, ഞാൻ തുടച്ചുകൊണ്ടുമിരിക്കും.

എല്ലാ മനുഷ്യരുടേയും സാധാരണയായ ആത്മീയാവശ്യങ്ങൾ നീങ്ങിപോകുന്നില്ല. അവ ഇല്ലെന്നു നടിച്ചാലും ആ ദാഹം തീരുകയില്ല. സാധാരണ ഭൗതിക സന്തോഷവും ആത്മീയ സന്തോഷവും ഉണ്ടാകേണ്ടതിന്നു ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറ്റണം.

## ആവശ്യങ്ങൾ നിറവേറ്റി

ദൈവഭവനമായ, മറ്റൊരു കുടുംബത്തിലാണ് നമ്മുടെ ആത്മീയാവശ്യങ്ങൾ തൃപ്തികരമായി നിറവേറ്റുന്നത്. ദൈവം നമ്മുടെ പിതാവാണ് (1 യോഹന്നാൻ 3:1). ക്രിസ്ത്യാനികൾ അന്യോന്യം സഹോദരന്മാരും (1 യോഹന്നാൻ 5:1), യേശു നമ്മുടെ മൂത്ത സഹോദരനുമാണ് (റോമർ 8:17). ആ സ്വർഗ്ഗീയ ഭവനത്തെ പൗലോസ് "സഭ" എന്നു വിളിച്ചു. അവൻ തിമൊഥെയൊസിനോടു പറഞ്ഞു, "ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്നു ആശിക്കുന്നു; താമസിച്ചു പോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി *ജീവനുള്ള ദൈവത്തിന്റെ* സഭ *യാകുന്ന ദൈവാലയത്തിൽ* നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു" (1 തിമൊഥെയൊസ് 3:14, 15; എംഫസിസ് മൈൻ).

*ആത്മീയ നിലകൊള്ളൽ* എന്നതാണ് പുതിയ നിയമ സഭയിൽ ഒരു ക്രിസ്ത്യാനി അനുഭവിക്കുന്നത്. അവനു പ്രാർത്ഥിക്കുവാനും ഒത്തൊരുമിച്ചു നടക്കുവാനും സ്വർഗ്ഗസ്ഥനായ ഒരു പിതാവുണ്ട്. പഠിക്കുവാനും,

ചായുവാനും മുഖാന്തിരമായി പ്രവർത്തിക്കുവാനും അവന്നു ഒരു ജ്യേഷ്ഠ സഹോദരൻ ഉണ്ട്. പരസ്പരം ജീവിക്കുന്ന സഹോദരിസഹോദരങ്ങളായി ഒരുമിച്ചു ദൈവ മഹത്വത്തിനായി പ്രവർത്തിക്കുന്നതു - സംഘടനയായിട്ടല്ല, ആത്മീയ ഭവനമായിട്ടാണ്.

ദൈവഭവനത്തിൽ, നമുക്ക് *ഒരു ആത്മീയ ഭദ്രത*യുണ്ട്. സ്വർഗ്ഗീയ പിതാവു നമ്മെ സ്നേഹിക്കുകയും നമുക്കായി നല്കുകയും ചെയ്യുന്നു. നമ്മുടെ ഭൗതികാവശ്യങ്ങളും അവൻ നിറവേറ്റുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവു നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞു കരുതിത്തരും എന്നുള്ളതിനാൽ നാം വിഷമിക്കേണ്ടതില്ല എന്നു യേശു നമ്മെ പഠിപ്പിച്ചിട്ടുണ്ട്: “ആകയാൽ നാം ‘എന്തു തിന്നും?’ ‘എന്തു കുടിക്കും?’ ‘എന്തുടുക്കും?’ എന്നു നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലൊ” (മത്തായി 6:31, 32). അതുപോലെ, പിതാവു നമ്മുടെ ആത്മീയാവശ്യങ്ങളും നിറവേറ്റിത്തരും. യൂദാ ഈ സ്വർഗ്ഗീയ കരുതലിനെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവം “വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവൻ” (യൂദാ 24).

ദൈവ ഭവനമായ സഭയിൽ, നമ്മുടെ *ആത്മീയ തിരിച്ചറിയലും* സാധ്യമാണ്. നമ്മുടെ പരിവർത്തനത്തിനു മുൻപു നാം ഉദ്ദേശമോ ലക്ഷ്യമോ ഇല്ലാതെ അലഞ്ഞു നടന്നു, എന്നാൽ ദൈവഭവനത്തിലേക്കു നാം വീണ്ടും ജനിച്ചതു കൊണ്ടു, നാം ദൈവത്തിന്റെ സ്വന്തജനമായിത്തീർന്നു. ഈ മാറ്റത്തെക്കുറിച്ചു പത്രൊസ് എഴുതി:

> നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ (1 പത്രൊസ് 2:9, 10).

ദൈവഭവനം ദൈവത്തിന്റെ അവകാശമായി പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെസ്യർ 1:18). ദൈവ ഭവനത്തിലെ അംഗങ്ങളായ ക്രിസ്ത്യാനികൾക്ക്, - സ്വർഗ്ഗം എന്ന നിത്യാവകാശമുണ്ട്; ക്രിസ്ത്യാനികൾക്കും ദൈവത്തിനും ക്രിസ്ത്യാനികൾ - നിത്യാവകാശമായിത്തീരുന്നു.

അതുപോലെ ദൈവഭവനത്തിലും നമുക്കു *ആത്മീയ സ്വീകാര്യമുണ്ട്.* നാം വിശ്വാസത്തോടും അനുസരണത്തോടും ദൈവ സന്നിധിയിൽ വന്നു ആത്മാർത്ഥമായ അനുസരണത്തോടെ ജീവിക്കുകയും ചെയ്താൽ ദൈവം നമ്മെ തന്റെ മക്കളായി സ്വീകരിക്കും. അവനെ “അബ്ബാ! പിതാവേ!” എന്നു വിളിക്കുവാൻ പ്രത്യേക സ്നേഹം അവൻ

നമ്മിൽ പകരും (ഗലാത്യർ 4:6). ക്രിസ്തുവിൽ, നമുക്കു പൗലൊസിനോടു കൂടെ പറയാം, "അതുകൊണ്ടു ഇപ്പോൾ യേശുക്രിസ്തുവിലുളളവർക്കു ഒരു ശിക്ഷാവിധിയുമില്ല" (റോമർ 8:1). ഇതിനർത്ഥം പിന്നീട് നമുക്കു മാനസ്സാന്തരവും വളർച്ചയും ആവശ്യമില്ല എന്നല്ല; അതിനർത്ഥം നാം ആയിരിക്കുന്ന അവസ്ഥയിൽ നാം ആയിരിക്കണമെന്നു വിചാരിക്കുന്നുവോ അതിൽ അവൻ നമ്മെ സ്വീകരിക്കുന്നു. ആരോ പറഞ്ഞു, "നാം ഇങ്ങനെ ആയതിൽ ദൈവം നമ്മെ സ്നേഹിക്കുന്നു, എന്നാൽ അവൻ നാം കൂടുതൽ വിട്ടു കളഞ്ഞതുകൊണ്ടു നമ്മെ കൂടുതലായി സ്നേഹിക്കുന്നു."

അനേകം വർഷങ്ങൾക്കുമുൻപു, വിവാഹിതയായ ഒരു യുവതിയെ ഇംഗ്ലണ്ടിലെ ലണ്ടനിൽവെച്ചു ക്രിസ്തുവിലേക്കു നയിക്കുവാൻ ഞാൻ ശ്രമിച്ചതു ഓർക്കുന്നു. ഒരു കുട്ടിയുടെ അമ്മയും സുന്ദരിയുമായിരുന്നു അവർ. വിവാഹശേഷം കുറെക്കഴിഞ്ഞ് ഭർത്താവു അവളെ ഉപേക്ഷിച്ചുപോവുകയും അവൾ സ്വയമായികുഞ്ഞിനെ വളർത്തിക്കൊണ്ടുവരികയും ചെയ്തു. സ്പഷ്ടമായും, അവൾ കുട്ടിയായിരുന്നപ്പോഴും അവളുടെ കുടുംബജീവിതം അത്ര നന്നായിരുന്നില്ല. ഞങ്ങളുടെ സംഭാഷണത്തിൽ, ഞാൻ അവളോടു പറഞ്ഞു, "ക്രിസ്തുമുഖാന്തരം, നിങ്ങൾക്കു രക്ഷിക്കപ്പെടുവാനും മനോഹരമായ ഒരു കുടുംബം ഉണ്ടാക്കുവാനും കഴിയും!" എന്റെ ഈ അഭിപ്രായം അവളെ ഉത്തേജിപ്പിച്ചില്ല. എന്തുകൊണ്ടാണെന്നു ഞാൻ സംശയിച്ചു. പിന്നീട് കാരണം എനിക്കു മനസ്സിലായി, അവൾക്കു ഒരു സുന്ദര ഭവനം ഇല്ലായിരുന്നു എന്ന്. ഭവനം മനോഹരവും ആകർഷണവുമായി അവൾ ഒരിക്കലും കണ്ടിട്ടില്ല. അവൾക്കു സ്നേഹവും, താങ്ങും, ശക്തിയും പകരുന്ന ഒരു കുടുംബ ചിത്രമായിരുന്നു അവളുടെ അനുഭവത്തിൽ നിന്നു പ്രതീക്ഷിച്ചത്; ഭവനം സുന്ദരമായി കാണുവാൻ അവൾക്കു കഴിഞ്ഞില്ല. എങ്ങനെയായാലും, ശരിയായി രൂപപ്പെടുത്തി ക്രിസ്തുവിനാൽ നയിക്കപ്പെട്ട്, ആത്മീയാവശ്യങ്ങൾ, സാധാരണ ഭൗതികവും വൈകാരികവുമായ ആവശ്യങ്ങൾ നിറവേറ്റിയാൽ ആ ഭവനം മനോഹരമായിരിക്കും.

ഈ യുവതിയെപ്പോലെ സഭ എങ്ങനെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നു എന്നു വീക്ഷിക്കുവാൻ കഴിയുന്നില്ല. അവർ ഒരിക്കലും വാസ്തവത്തിലുള്ള ക്രിസ്തുവിന്റെ സഭയിൽ ആയിട്ടില്ല. സഭ ദൈവത്തിന്റെ ആത്മീയഭവനമായി അവർ കണ്ടിട്ടില്ല. അതുകൊണ്ടു, അവർ ക്രിസ്തുവിന്റെ സഭയ്ക്കു പുറത്തായതുകൊണ്ടു അവർക്കുനഷ്ടമായതുകാണുവാൻ കഴിയുന്നില്ല. ആളുകളെ ദൈവഭവനമായ വാസ്തവത്തിലുള്ള സഭയുടെ നിജസ്ഥിതിയും നമ്മുടെ ജീവിതത്തിൽ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതെങ്ങനെയെന്നും ബോധ്യപ്പെടുത്തേണ്ടതു ക്രിസ്ത്യാനികളുടെ കടമയാണ്.

സമാധാനവും, ഭദ്രതയും, ഉദ്ദേശവും, തിരിച്ചറിയലും, നമ്മുടെ ആന്തരിക വ്യക്തിത്വവാഞ്ഛയും നിറവേറ്റുവാൻ കഴിയുന്നതു ദൈവഭവനം മുഖാന്തരം മാത്രമാണ്. ഈ ഭവനമായ, സഭക്കു പുറത്തു വാസ്തവത്തിലുള്ള സന്തോഷം അപ്രാപ്യമത്രേ.

## ആവശ്യങ്ങൾ സുന്ദരമായി നിറവേറ്റും

യെരുശലേം സഭയെ ലൂക്കൊസ് വിവരിക്കുന്നതു ശ്രദ്ധിച്ചാൽ, ദൈവഭവനമായ സഭയുടെ ഒരു ചിത്രം നമുക്കുകിട്ടും. ആദ്യ ക്രിസ്ത്യാനികളുടെ ദൈനന്ദിന ജീവിതത്തിൽ ദൈവ ഭവനത്തിന്റെ സുന്ദരമായ ചിത്രം അവൻ വരച്ചു കാണിക്കുന്നുണ്ട്:

> അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.
>
> എല്ലാവർക്കും ഭയമായി, അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നെണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കികൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:42–47).

ഓരോ ക്രിസ്ത്യാനിക്കും സ്വന്തമായിരിക്കേണ്ട തോന്നലുണ്ട്, കാരണം "വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു സകലവും പൊതുവക എന്നെണ്ണി" (പ്രവൃത്തികൾ 2:44). ഓരോ അംഗത്തിനും തിരിച്ചറിയലുണ്ട്, കാരണം ആരും ആർക്കും മീതെയല്ല എന്നു തിരിച്ചറിയുകയും ഏതെങ്കിലും ഒരംഗം കഷ്ടപ്പെട്ടാൽ ഇടവക മുഴുവനും പ്രതികരിക്കുന്നു. സ്വീകരണം എല്ലാവരും ഇഷ്ടപ്പെടും. ദിനമ്പ്രതി രക്ഷിക്കപ്പെടുന്നവരെ സഭയോടുചേർത്തുകൊണ്ടിരിക്കുകയും ഇടവക അവരെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യും. ഒരു സാമൂഹ്യ രീതിയിലുള്ള ജീവിതം നല്കുന്ന ഭദ്രതയാണ് ഓരോരുത്തരും ഇഷ്ടപ്പെടുന്നത്. അവർ തങ്ങളുടെ "വസ്തുക്കൾ വില്ക്കുകയും, ഓരോരുത്തരുടെ ആവശ്യങ്ങൾക്കായി പങ്കിടുകയും ചെയ്തു."

ദൈവ ഭവനമായ ആ ഇടവക നിരന്തരമായി പ്രാർത്ഥിക്കുകയും, ദൈവത്തെ സ്തുതിക്കുകയും ഉപദേശിക്കുകയും, അപ്പം നുറുക്കിയും കൂട്ടായ്മ ആചരിച്ചും പോന്നു (പ്രവൃത്തി 2:42). അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിനെ ആദരിക്കുകയും, ജ്യേഷ്ഠസഹോദരനായ ക്രിസ്തുവിൽ നിന്നു ലഭിക്കുന്ന കൃപാദാനങ്ങളെ അവർ തിരിച്ചറിഞ്ഞ് അവർ പരമാർത്ഥ ഹൃദയത്തോടെ സന്തോഷിച്ചു ജീവിച്ചു. സഭയുടെ സാമൂഹ്യ ജീവിതത്തിന്റെ ഭദ്രത അവർ ആസ്വദിച്ചു; ധർമ്മോപകാര ശ്രദ്ധ ഈ ലോകത്തിലും വരുവാനുള്ള ജീവിതത്തിലെ നിത്യജീവന്റെ ഉറപ്പും അവർക്കുണ്ട്.

വർഷങ്ങൾക്കുമുൻപു ബലഹീനവും ചെറുതുമായ ഒരിടവകയിൽ ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, സഭാ കെട്ടിടത്തിന്റെ അടുത്ത് ഒരു ചെറിയ വീട് മാറ്റി കൊണ്ടുവന്നതായി കണ്ടു. ഞാൻ വിചാരിച്ചതു

അവിടെ നടത്തിക്കൊണ്ടിരിക്കുന്ന ഒരു ക്ലാസ് റൂമിനുവേണ്ടി ആയിരിക്കും എന്നാണ്. ഞാൻ ഒരംഗത്തോടു ചോദിച്ചു, "എന്തുപയോഗത്തിനാണ് നിങ്ങൾക്ക് ആ ചെറിയ വീട്?" ആ അംഗം ചിരിച്ചു കൊണ്ടുപറഞ്ഞു, "അതു ഞങ്ങളുടെ ഒരു വിധവയ്ക്കു വേണ്ടിയാണ്." പിന്നെ ആ അംഗം പറഞ്ഞു, "അടുത്ത സമയത്തു സഭയിലെ അംഗമായിരുന്ന അവരുടെ ഭർത്താവു ഒരു സമ്പാദ്യവും ഭാര്യക്ക് ശേഷിപ്പിക്കാതെ മരണം അടഞ്ഞു. അതുകൊണ്ടു അവർക്കു വളരെ വിഷമമുണ്ട്, എന്തു ചെയ്യണം എന്നറിയാതെ അവർ പ്രയാസപ്പെട്ടുകൊണ്ടിരിക്കയാണ്. അതുകൊണ്ട് ഞങ്ങൾ അവർക്ക് ആ വീടു താമസിക്കുവാൻ കൊടുത്തിരിക്കയാണ്. അവർക്കു അവിടെ താമസിച്ചുകൊണ്ടു എന്തെങ്കിലും ജോലിയും ചെയ്യാമല്ലൊ" ആ സഹോദരൻ ഇതു പറഞ്ഞപ്പോൾ, ഞാൻ മനസ്സിൽ ചിന്തിച്ചത് "ഇതു ദൈവഭവനത്തിന്റെ മനോഹരമായ കരുതൽ സ്വഭാവമാണ്."

**ഉപസംഹാരം**

നിങ്ങൾ ദൈവഭവനത്തിൽ അംഗമായിത്തീരാൻ ആഗ്രഹിക്കുന്നില്ലേ? നിങ്ങൾ ദൈവഭവനമായ, സഭയിൽ അംഗമാകുന്നതുവരെ നിങ്ങളുടെ ജീവിതം പൂർണ്ണമാകുന്നില്ല എന്നു നിങ്ങൾ തിരിച്ചറിയുന്നില്ലേ? അവന്റെ ഭവനത്തിനുപുറത്ത്, നിങ്ങൾ ആത്മീയ ഭദ്രത, സ്വീകരണം, എന്നിവ നഷ്ടമാക്കുകയാണ്, അതു ദൈവഭവനത്തിൽ മാത്രമാണ് ലഭിക്കുന്നത്.

അനാഥരായിത്തീരുന്നത് എല്ലാ കുട്ടികൾക്കും വിഷമകരമാണ്, ഒരു അനാഥനെ കാണുമ്പോൾ, പ്രായപൂർത്തിയായവരുടെ ഹൃദയങ്ങൾ വേദനിക്കും. ആരും അനാഥനായിത്തീരുവാനോ, അനാഥനെ കാണുവാനോ ആഗ്രഹിക്കുന്നില്ല. മനുഷ്യരുടെ അനീതിനിമിത്തമോ അല്ലെങ്കിൽ ചിലരുടെ ജീവിതത്തിലെ ക്രൂരസാഹചര്യം നിമിത്തമോ കുട്ടികളെ ഉപേക്ഷിക്കുന്നതു മുഴുവൻ തടയുവാൻ നമുക്കു സാധ്യമല്ല; നമുക്കു ചെയ്യുവാൻ കഴിയുന്നതു, അനാഥരെ സ്നേഹിച്ചു, സഹതപിച്ചു സഹായിക്കുക എന്നതാണ്. എങ്ങനെയായാലും, ആരും ആത്മീയ അനാഥരാകുവാൻ ആഗ്രഹിക്കുന്നില്ല. സുവിശേഷത്താൽ, ആർക്കും ദൈവഭവനത്തിലായി, അവന്റെ മക്കളായി ദത്തെടുക്കപ്പെടാം, മറ്റു മക്കൾക്കു ലഭിക്കുന്നതുപോലെ സ്നേഹവും പുത്രത്വവും ലഭിക്കും.

നാം ദൈവ ഭവനത്തിൽ പ്രവേശിക്കുന്നതു ആത്മീയ ജനനത്താലാണ്. യേശു പറഞ്ഞു, "ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" (യോഹന്നാൻ 3:5). നാം ദൈവവചനം മുഖാന്തരം ആത്മാവിനാൽ നയിച്ചു ക്രിസ്തുവിൽ വിശ്വസിക്കയും (യോഹന്നാൻ 8:24), പാപങ്ങളിൽ നിന്നു മാനസ്സാന്തരപ്പെടുകയും (പ്രവൃത്തികൾ 17:30), യേശുവിനെ ക്രിസ്തുവായും കർത്താവായും ഏറ്റുപറഞ്ഞു (റോമർ 10:10), ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുകയും ചെയ്യുന്നു (1 കൊരിന്ത്യർ 12:13).

പത്രൊസ് പറഞ്ഞു, "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:23).

വെള്ളത്താലും ആത്മാവിനാലും ജനിച്ചവരെ ദൈവം തന്റെ മക്കളായി സ്വീകരിക്കുന്നു. അവർക്കു അവൻ തന്റെ ആത്മാവിനെ നല്കുന്നു (ഗലാത്യർ 4:6), അവന്റെ ഭവനത്തിലെ അനുഗ്രഹങ്ങളും (എഫെസ്യർ 1:3), നിത്യാവകാശവും (എഫെസ്യർ 1:11), നല്കും. ദൈവമക്കൾ, പിന്നീട്, സ്വന്തമെന്ന ബോധത്തോടെ ജീവിക്കും, ഭദ്രതയും, സ്വീകരണവും, തിരിച്ചറിയലും ലഭിക്കും.

നിങ്ങൾ ഒരു ദൈവ പൈതലാണോ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. ഭവനം മുഖാന്തരം നിങ്ങൾക്കു കിട്ടുന്ന സന്തോഷം ഏവ?
2. ഒരാൾ ദൈവഭവനത്തിൽ പ്രവേശിക്കുന്നതെങ്ങനെ?
3. എപ്പോഴാണ് തന്റെ മക്കളായി ദൈവം നമ്മെ ദത്തെടുക്കുന്നത്?
4. ഓരോ വ്യക്തിക്കും വേണ്ടതായ ആവശ്യങ്ങളും, ആ ആവശ്യങ്ങൾ എങ്ങനെ ഭവനം നിറവേറ്റുന്നു എന്നും വിവരിക്കുക.
5. മനുഷ്യന്റെ സാധാരണ ആവശ്യങ്ങളും ആത്മീയ ആവശ്യങ്ങളും തമ്മിൽ താരതമ്യം ചെയ്യുക.
6. ക്രിസ്ത്യാനി പങ്കുകാരനായ ആത്മീയ ഭവനത്തെ വിശദീകരിക്കുക.
7. ദൈവഭവനം എങ്ങനെ ആത്മിയ ഭദ്രത നല്കുന്നു?
8. ദൈവഭവനം എങ്ങനെ ആത്മീയ സ്വായത്തബോധം ഉണർത്തും?
9. ദൈവഭവനം എങ്ങനെ ആത്മിയ തിരിച്ചറിയൽ നല്കും?
10. ദൈവഭവനം എങ്ങനെ ആത്മീയ സ്വീകരണബോധം നല്കും?
11. നമ്മുടെ ആത്മീയ ആവശ്യങ്ങൾ എങ്ങനെ സഭ നിറവേറ്റും എന്നു യെരുശലേം സഭയെ ചിത്രീകരിച്ചു വ്യക്തമാക്കുക.
12. ദൈവഭവനത്തിൽ പ്രവേശിക്കുന്നതുവരെ മനുഷ്യൻ പൂർണ്ണനാകുവാൻ കഴിയുമോ?
13. ദൈവഭവനത്തിനുപുറത്തു ഒരാൾ അനാഥനല്ലേ?
14. ദൈവത്തിന്റെ ആത്മീയ ഭവനത്തിൽ നിങ്ങൾ പ്രത്യേകിച്ചു അനുഭവിക്കുന്ന അനുഗ്രഹങ്ങൾ ഏവ?

© 2009 Truth for Today